## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.101 — 31.10.2019-ൽ മറുപടിക്ക്

### പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ**<br>**,, എം. വിൻസെന്റ്**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, അനൂപ് ജേക്കബ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 1) മത്സ്യബന്ധന ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി<br>2) ജീവൻ സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി<br>3) മത്സ്യബന്ധന ഉപകരണങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതി<br>4) മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി<br>5) സമ്പാദ്യ സമാശ്വാസ പദ്ധതി തുടങ്ങി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | അതിരൂക്ഷമായ മത്സ്യവരൾച്ചയിൽ നിന്നും അവരെ സംരക്ഷിക്കുവാൻ ഒരു സമ്പാദ്യ പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ പദ്ധതി എന്നീ പദ്ധതികൾ വഴി ധനസഹായം അനുവദിക്കുന്നുണ്ട്. പുതിയ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള മത്സ്യബന്ധനോപകരണങ്ങളെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കുന്ന കാര്യം ജി.എസ്.ടി. കൗൺസിലിൽ കൊണ്ടുവരുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് മോട്ടോറുകളുടെ ജി.എസ്.ടി. പൂർണമായും ഒഴിവാക്കുന്നതിന് ജി.എസ്.ടി. കൗൺസിലിനോട് അപേക്ഷിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വലകളുടെ ജി.എസ്.ടി. ഇപ്പോൾ 5 ശതമാനമാക്കി കുറച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ സബ്സിഡി പുനരാരംഭിക്കുന്നതിനും പെർമിറ്റ് വഴി നിലവിൽ നൽകുന്ന എണ്ണയുടെ അളവ് വർദ്ധിപ്പി | (ഡി) | കേന്ദ്രസർക്കാർ പൊതുവിതരണ സമ്പ്രദായം വഴി അനുവദിച്ചിട്ടുള്ള പെർമിറ്റ് വഴി നൽകുന്ന ഇന്ധനങ്ങൾ (എണ്ണകൾ) വിതരണം ചെയ്യുന്നത് സിവിൽ സപ്ലൈസ് വകുപ്പ് വഴിയാണ്. മത്സ്യബന്ധനത്തിന് ഉപയോഗി |

| | | | |
|---|---|---|---|
| | ക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യം പരിഗണിക്കുമോ? | | ക്കുന്ന ഇന്ധനങ്ങളായ മണ്ണെണ്ണയുടെയും ഡീസലിന്റെയും വില കുറയ്ക്കുന്നതിനും അധിക സബ് സിഡി അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. അനുകൂല മായ മറുപടി ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**